(ബി) ഇല്ലെങ്കിൽ ഇതിനുള്ള നടപടികൾ ആരംഭിക്കുമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) തൽക്കാലം ഉദ്ദേശിക്കുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ഭക്ഷണപദാർത്ഥങ്ങളിൽ മായം ചേർക്കുന്നത് തടയാൻ നടപടി

*28 [178] ശ്രീ. കളത്തിൽ അബ്ദുള്ള:

,, യു. സി. രാമൻ:

,, ഇ. ടി. മുഹമ്മദ് ബഷീർ:

,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പച്ചക്കറി, പാൽ, മാമ്പഴം തുടങ്ങിയ ഭക്ഷണസാധനങ്ങൾ മായം ചേർത്തതും ഗുരുതരമായ രോഗങ്ങൾ ഉണ്ടാക്കുന്ന രാസവസ്തുക്കൾ അടങ്ങിയതുമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിപണിയിലെത്തുന്ന മായം ചേർത്ത ഭക്ഷണ പദാർത്ഥങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്ന ഉദ്യോഗസ്ഥൻമാരുടെ കൃത്യവിലോപം കാരണം ഭക്ഷണ സാധനങ്ങളിൽ മായം ചേർക്കുന്നവർ രക്ഷപ്പെടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) മായം ചേർക്കൽ നിരോധന നിയമം കർക്കശമാക്കുകയും അത് കർശനമായി നടപ്പാക്കുന്ന കാര്യം ഉറപ്പാക്കുകയും, കുറ്റവാളികളെയും അവരെ സഹായിക്കുന്ന ഉദ്യോഗസ്ഥരേയും മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യാനുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷണ നടപടികൾ കൈക്കൊണ്ടിട്ടുമുണ്ട്.

(സി) മായം ചേർക്കൽ നിരോധന നിയമം കർശനമായി നടപ്പാക്കുന്നതിനും, ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും, സർക്കാർ നിലവിലുള്ള നിയമത്തിന്റെ പരിധിയിൽ എല്ലാ നടപടികളും കൈക്കൊണ്ടുവരുന്നുണ്ട്. ഇതുകൂടാതെ കുറ്റവാളികൾക്കും ഇവരെ സഹായിക്കുന്ന ഉദ്യോഗസ്ഥർക്കും എതിരെ നിയമത്തിന്റെ പരിധിയിൽ നിന്നുകൊണ്ടുള്ള എല്ലാ ശിക്ഷണ നടപടികളും സ്വീകരിക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly